**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 771** **28-01-2026 - ൽ മറുപടിയ്ക്ക്**

**മെമ്പർ റിലീഫ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സഹകരണ വകുപ്പിൽ മെമ്പർ റിലീഫ് ഫണ്ട് ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | മെമ്പർ റിലീഫ് ഫണ്ട് ഇനത്തിൽ നാളിതുവരെ അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | അപേക്ഷകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 1512 | ₹ 33,365,000.00 |
| 2 | കൊല്ലം | 3513 | ₹ 76,395,000.00 |
| 3 | പത്തനംതിട്ട | 2821 | ₹ 57,825,000.00 |
| 4 | ആലപ്പുഴ | 2812 | ₹ 57,475,000.00 |
| 5 | കോട്ടയം | 4246 | ₹ 89,345,000.00 |
| 6 | ഇടുക്കി | 2107 | ₹ 43,980,000.00 |
| 7 | എറണാകുളം | 8563 | ₹ 179,420,000.00 |
| 8 | തൃശ്ശൂർ | 8296 | ₹ 171,190,000.00 |
| 9 | പാലക്കാട് | 1609 | ₹ 33,570,000.00 |
| 10 | മലപ്പുറം | 1015 | ₹ 22,040,000.00 |
| 11 | കോഴിക്കോട് | 2371 | ₹ 50,245,000.00 |
| 12 | വയനാട് | 622 | ₹ 13,555,000.00 |
| 13 | കണ്ണൂർ | 4855 | ₹ 105,160,000.00 |
| 14 | കാസറഗോഡ് | 1968 | ₹ 40,855,000.00 |
| | **ആകെ** | **46310** | **₹ 974,420,000.00** |

| | | | |
|---|---|---|---|
| (ബി) | മെമ്പർ റിലീഫ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | അർബുദം, വൃക്കമാറ്റിവയ്ക്കൽ, ശസ്ത്രക്രീയയ്ക്ക് വിധേയരായവർ/വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായി കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, ഗുരുതര ശസ്ത്രക്രീയയ്ക്ക് (ബൈപാസ്/ഓപ്പൺ ഹാർട്ട് സർജറി വിധേയരായവർ, കരൾ സംബന്ധമായ ഗുരുതര രോഗം ബാധിച്ചവർ (ലിവർ സിറോസിസ്, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രീയയ്ക്ക് വിധേരായവർ) തുടങ്ങിയ മാരക രോഗ ബാധിതരായവർ, വാഹനാപകടത്തിൽ പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | | | അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്.<br><br>ഈ സ്കീം പ്രകാരം അംഗം എന്നാൽ 1969 ലെ കേരള സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘത്തിലെ എ ക്ലാസ്സ് ഷെയർ ഉള്ള വ്യക്തി ആയിരിക്കും. ടി വ്യക്തി സംഘത്തിൽ അംഗമായിട്ട് 3 വർഷക്കാലാവധി പൂർത്തീകരിച്ചിരിക്കണം. മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല. ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക് പിന്നീട് ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല.<br><br>ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള ചുമതല സഹകരണ വകുപ്പ് മന്ത്രിയും സഹകരണ വകുപ്പ് സെക്രട്ടറിയും സഹകരണ സംഘം രജിസ്ട്രാറും ഉൾപ്പെട്ട ഒരു കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. |
| (സി) | മെമ്പർ റിലീഫ് ഫണ്ട് പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ? | (സി) | 22.09.2025 തീയതിയിലെ സ.ഉ.(കൈ) നം. 19/2025/സഹ ഉത്തരവ് പ്രകാരം അംഗ സമാശ്വാസ നിധി പദ്ധതിയിലേക്കുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കണം. വെബ് സൈറ്റ് നിർമ്മാണം പൂർത്തിയായതിനെ തുടർന്ന് 29/12/2025 ന് ഉദ്ഘാടനം ചെയ്തു. |

സെക്ഷൻ ഓഫീസർ